Talented Bankers Literary Panel
പുസ്തക പരിചയം 278

അഞ്ചുവിളക്ക്
സി എ കൃഷ്ണൻ

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർബിഓ 2, തൃശൂർ.

ശക്തൻ തമ്പുരാൻ തൃശ്ശൂർ പൂരം തുടങ്ങി വെച്ച കഥ ഒരുപാട് പേർക്ക് അറിയാം. എന്നാൽ തൃശ്ശൂരിലെ മറ്റൊരു പ്രധാന ആഘോഷമായ പുലിക്കളി എന്നാണ്, ആരാണ് തുടങ്ങിയത് ?

പുലിക്കളിക്ക് ഏതാണ്ട് 75 വർഷത്തെ പ്രായമേയുള്ളൂ. രണ്ടാം ലോകമഹായുദ്ധകാലത്ത് തൃശ്ശൂരിൽ എത്തിയ ബ്രിട്ടീഷ് പട്ടാളത്തെ നാട്ടുകാർക്ക് പേടിയായിരുന്നു. തങ്ങളെക്കുറിച്ച് നാട്ടുകാർക്കുള്ള പേടി മാറ്റി കൂടുതൽ പേരെ പട്ടാളത്തിൽ ചേർക്കാൻ, ഓണക്കാലത്ത് ബൂട്ട് ചവിട്ടി തൃശ്ശൂർ നഗരത്തിലൂടെ കൂട്ടമായി അവർ പാട്ടും പാടി ആഘോഷിച്ചു നടന്നു. ആരോ അവരെ പുലികളോട് ഉപമിപ്പിക്കുകയും, പിന്നീട് അവരുടെ അനുചരന്മാരും കുശിനിക്കാരും റിക്രൂട്ട്മെന്റ് ചെയ്തവരും തുടർ വർഷങ്ങളിൽ ഇത് തുടരുകയും അതങ്ങനെ പുലിക്കളിയായി മാറുകയുമാണുണ്ടായത്.

ക്യാമ്പിൽ പട്ടാളക്കാരെ ചികിത്സിക്കുന്ന ഡോക്ടർ രാത്രി സമയങ്ങളിൽ തന്റെ നാട്ടുകാരായ രോഗികളെ ചികിത്സിക്കാൻ വീടിനു മുന്നിലുള്ള നാൽക്കവലയിൽ മണ്ണെണ്ണ ഒഴിച്ച് വിളക്കുകൾ സ്ഥാപിച്ചതാണ് അഞ്ചു വിളക്ക്.

കേരളത്തിലെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിന്റെ കൊടിയടയാളം ആയിരുന്നു ഒരുകാലത്ത് അഞ്ചു വിളക്ക്. പണ്ടൊരു കാലത്ത് തൃശ്ശൂർ വളർന്നത് ഇവിടെ നിന്നായിരുന്നു. ഈ വിളക്കുകളെ സാക്ഷിനിർത്തി ഈ വിളക്കിനു ചുറ്റും എപ്പോഴും വലിയ ആൾക്കൂട്ടം ഉണ്ടായിരുന്നു. അവർ ഈ നാടിന്റെയും നഗരത്തിന്റെയും മുന്നേറ്റത്തിൽ പങ്കാളികളായി.

തൃശ്ശൂരിന്റെ ഇന്നലെകളെ കുറിച്ച് പത്രപ്രവർത്തകനായ സി എ കൃഷ്ണൻ എഴുതിയ പുസ്തകം ആണ് "അഞ്ചു വിളക്ക്". 50 അധ്യായങ്ങളുള്ള ഈ പുസ്തകത്തിൽ ശക്തൻ തമ്പുരാൻ, അച്യുതമേനോൻ, മുണ്ടശ്ശേരി, വൈലോപ്പിള്ളി, പ്രേംജി തുടങ്ങി തൃശൂരിന്റെ പ്രിയമുള്ളവരെല്ലാം കടന്നുവരുന്നു.

കേരളത്തിലെ രണ്ടാമത്തെ എൻജിനീറിങ് കോളേജ് ഇവിടെ സ്ഥാപിക്കാൻ അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായ മുണ്ടശ്ശേരി എടുത്ത പ്രയത്നങ്ങൾ, പീച്ചി ഡാം പണിയാൻ ഇക്കണ്ടവാര്യർ സഹിച്ച യാതനകൾ, തൃശ്ശൂരിലെ തുണി മില്ലുകളുടെ ചരിത്രം എന്നിവ

നിങ്ങൾക്ക് മനസ്സിലാക്കാം. കൂടാതെ ഈച്ചരവാരിയർ, നവാബ് രാജേന്ദ്രൻ, അഴീക്കോടൻ തുടങ്ങി ഇരുപതാം നൂറ്റാണ്ടിൽ ഇതിലൂടെ കടന്നു പോയ ഏതാണ്ടെല്ലാ പ്രധാന കാര്യങ്ങളും പുസ്തകത്തിൽ പറയുന്നുണ്ട്.

ഗ്രീൻ ബുക്സിൽ പോയപ്പോൾ അവിടെ ഇരിക്കുന്നത് കണ്ടു വാങ്ങിയതാണ്. അതുവരെ ഈ പുസ്തകത്തെ പറ്റി അറിയില്ലായിരുന്നു.

വാൽ കഷണം - തൃശ്ശൂരിനെ കൂടുതലായി അറിയാത്ത ആളുകൾ ഇത് വായിച്ചാൽ ഒരുപക്ഷെ ഇഷ്ടപ്പെടണമെന്നില്ല.

പ്രസാധകർ - ഗ്രീൻ ബുക്സ്
വില - 235